**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീമതി. പി.എൻ. ശ്രീകുമാരിയെ ടി ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം.60/2019/തസ്വഭവ** **തീയതി, തിരുവനന്തപുരം, 02/06/2019**

---

പരാമർശം : 1. സ.ഉ(പി)നം. 501/2005/ഫിൻ തീയതി 25.11.2005

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.01.2018 ലെ OA (EKM) 2707/2017 നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവുണ്ടായപ്പോൾ ടി ഒഴിവിൽ ശ്രീമതി. പി.എൻ. ശ്രീകുമാരിയെ ഗ്രാമപഞ്ചായത്ത് സമിതി താൽക്കാലികമായി നിയമിക്കുകയും ടിയാൾ 2005 മുതൽ ദിവസവേതനത്തിൽ ടി തസ്തികയിൽ തുടർന്ന് വരികയും ചെയ്യുന്നു. തലവടി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നഭ്യർത്ഥിച്ച് ടിയാൾ സർക്കാരിൽ നിവേദനം സമർപ്പിക്കുകയും എന്നാൽ ദിവസവേതനാടിസ്ഥാനത്തിൽ/ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണിക്കുകയില്ലായെന്ന് സർക്കാരിന്റെ 05.03.2016 ലെ 19/16/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത നിവേദനത്തിലെ ആവശ്യം സർക്കാർ നിരസിക്കുകയും ചെയ്തിരുന്നു. ശ്രീമതി. പി.എൻ. ശ്രീകുമാരി ടിയാളെ സ്ഥിരപ്പെടുത്തുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന OA(EKM) 2707/2017 ഹർജിയിലെ പരാമർശം (2) ഉത്തരവിൽ ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യം നിരസിച്ച സർക്കാർ തീരുമാനം റദ്ദ് ചെയ്യുകയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷക സ്ഥിരപ്പെടുത്തൽ ആനുകൂല്യത്തിന് അർഹയാണെന്നും അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഒന്നാം എതിർകക്ഷി പരിഗണിച്ച് 29.04.2005 പ്രാബല്യത്തിൽ എല്ലാ ആനുകൂല്യങ്ങളോടുംകൂടി ടിയാനെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും നിർദ്ദേശിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ ഉത്തരവിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ അപ്പീൽ [OP(KAT) 437/2018] ഫയൽ ചെയ്തുവെങ്കിലും 11.12.2018 ലെ വിധിന്യായപ്രകാരം അപ്പീൽ ഡിസ്മിസ് ചെയ്യുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (2) ഉത്തരവ് പാലിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ

സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീമതി. പി.എൻ. ശ്രീകുമാരിയെ ടി ഓഫീസിൽ നിലവിലുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 29.04.2005 തീയതി പ്രാബല്യത്തിൽ എല്ലാ ആനുകൂല്യങ്ങളോടുംകൂടി ക്രമപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.
സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.
ശ്രീമതി. പി.എൻ. ശ്രീകുമാരി, പാർട്ട്ടൈം സ്വീപ്പർ, തലവടി ഗ്രാമപഞ്ചായത്ത്,ആലപ്പുഴ ജില്ല (തലവടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. DEV-1/106/2018-Fin. തീയതി 14.05.2019 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/184/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Dunya Ms

സെക്ഷൻ ഓഫീസർ